## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1001 11.07.2016 ൽ മറുപടിക്ക്

## കശുവണ്ടി മേഖലയിലെ ജോലിസ്ഥിരത

**ചോദ്യം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ

(എ) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) കശുവണ്ടി മേഖലയിലെ ചെറുകിട വ്യവസായങ്ങളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കാൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)

(എ), (ബി) & (സി) കേരളത്തിൽ ആകെ എണ്ണൂറോളം കശുവണ്ടി ഫാക്ടറികൾ ഉണ്ട്. ഇതിൽ ഏറെയും ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്വകാര്യമേഖലയിലെ കശുവണ്ടി ഫാക്ടറികൾ മാറ്റി സ്ഥാപിക്കുന്നത്, പ്രവർത്തന മൂലധനത്തിന്റെ അഭാവം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവം, കേന്ദ്രസർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി ചുങ്കം എന്നിവയാണ് കശുവണ്ടി മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ. മേൽ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ടെണ്ടർ വ്യവസ്ഥകളിൽ ചില ഇളവുകൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സ്വീകരിച്ചുവരുന്നു.

തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കശുവണ്ടി വികസന കോർപറേഷന് ബാങ്കുകളുമായുള്ള ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കൊടുത്തു തീർക്കുന്ന കാര്യം

പരിശോധിച്ചു വരുന്നു.

ബാങ്ക് പ്രതിനിധികൾ വിവിധ വകുപ്പു മേധാവികൾ എന്നിവർ അടങ്ങിയ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ ധാരണ യായിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ തോട്ടണ്ടി ലഭ്യമാക്കുന്ന സംവിധാന മേർപ്പെടുത്തുന്നതിനെക്കുറിച്ചും ഇതിനായി ഉന്നതല സമിതി രൂപീകരിക്കുന്ന തിനെക്കുറിച്ചും സർക്കാർ പരിഗണിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ